I/200909/2024

E1/79/2018-TC

**മോട്ടോർ വാഹന വകുപ്പ് , കേരളം**

**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**

തീയതി: 16-05-2024

പ്രേഷകൻ :

ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്:

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും (എൻഫോഴ്സ്മെന്റ് )
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - 2024-25 അധ്യയന വർഷം സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട സ്കൂൾ വാഹനങ്ങളുടെ പരിശോധന നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന :- മേൽ വിഷയവുമായി ബന്ധപ്പെട്ട് ഈ ഓഫീസിൽ നിന്നും നാളിതുവരെ നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിച്ചുകൊള്ളുന്നു. സ്കൂൾ കുട്ടികളുടെ സുരക്ഷയും സുഗമമായ യാത്രാ സൗകര്യവും മുൻനിർത്തി 2024-25 അധ്യയന വർഷം സ്കൂൾ തുറക്കുന്നതിനുമുമ്പായി സ്കൂൾ വാഹനങ്ങളുടെ പരിശോധന നടത്തുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തുകൊള്ളുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സമയബന്ധിതമായി പരിശോധനകൾ പൂർത്തീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

Signed by
K Manojkumar
Date: 16-05-2024 09:25:45

വിശ്വസ്തതയോടെ,

K Manojkumar
JOINT TRANSPORT COMMISSIONER(ENFORCEMENT) IN CHARGE

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ,കേരളം, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ: 0471-2333337/2333317 0471-2333314 വെബ്സൈറ്റ്: www.mvd.kerala.gov.in
ഇമെയിൽ: tcoffice.mvd@kerala.gov.in

# കേരള മോട്ടോർ വാഹന വകുപ്പ്

## സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട്
## നടത്തേണ്ടുന്ന പരിശോധന മാർഗ്ഗനിർദ്ദേശങ്ങൾ



## സ്കൂൾ /കോളേജ് ബസ് സംബന്ധിച്ച  നിർദ്ദേശങ്ങൾ

1. വിദ്യാഭ്യാസ സ്ഥാപന ബസ് എന്നാൽ കോളേജ് /സ്കൂൾ അല്ലെങ്കിൽ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും സ്ഥാപനത്തിന്റെ ഏതെങ്കിലും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളെയോ ജീവനക്കാരെയോ കൊണ്ടുപോകുന്നതിന് മാത്രമായി ഉപയോഗിക്കുന്ന ഒരു ഓമ്നി ബസ് (8 സീറ്റുകളും അതിൽ കൂടുതലും) എന്നാണ് അർത്ഥമാക്കുന്നത്. [MV ആക്ട് 1988-S 2 (11)].

2. ഇത്തരം വാഹനങ്ങളുടെ മുൻപിലും പുറകിലും എജുക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സ് (EIB) എന്ന് വ്യക്തമായി പ്രദർശിപ്പിക്കണം.

3. സ്ഥാപനത്തിൻറെ ഉടമസ്ഥതയിൽ അല്ലാത്തതും കുട്ടികളെ കൊണ്ടുപോകാൻ ഉപയോഗിക്കുന്നതുമായ മറ്റ് ട്രാൻസ്പോർട്ട് വാഹനങ്ങൾ ആണെങ്കിൽ വെള്ള പ്രതലത്തിൽ നീല അക്ഷരത്തിൽ ''ON SCHOOL DUTY'' എന്ന ബോർഡ് പ്രദർശിപ്പിക്കണം.

4. സ്കൂൾ മേഖലയിൽ  പരമാവധി മണിക്കൂറിൽ 30 കിലോമീറ്ററും മറ്റ് റോഡുകളിൽ പരമാവധി 50 കിലോമീറ്ററുമായി വേഗത നിജപ്പെടുത്തിയിരിക്കുന്നു.

5. സ്കൂൾ വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് കുറഞ്ഞത് പത്തു വർഷത്തെയെങ്കിലും ഡ്രൈവിംഗ് പരിചയം വേണം ഹെവി വാഹനങ്ങൾ ഓടിക്കുന്നവർക്ക്  അഞ്ചു വർഷത്തെ പരിചയം ഹെവി വാഹനങ്ങൾ ഓടിക്കുന്നതിൽ ആവശ്യമാണ് .

6. സ്കൂൾ വാഹനങ്ങൾ(EIB) ഓടിക്കുന്നവർ വൈറ്റ് കളർ ഷർട്ടും കറുപ്പ് കളർ പാൻറും കൂടാതെ ഐഡൻറിറ്റി കാർഡും ധരിച്ചിരിക്കണം(C1/e117858/TC/2019 dt.06/03/2020). കുട്ടികളെ കൊണ്ട് പോകുന്ന മറ്റ് പബ്ലിക് സർവീസ് വാഹനത്തിൽ ഡ്രൈവർ കാക്കി കളർ യൂണിഫോം ധരിക്കേണ്ടതാണ്.

7. സ്കൂൾ വാഹനത്തിന്റെ ഡ്രൈവറായി നിയോഗിക്കപ്പെടുന്നവർ മദ്യപിച്ച് വാഹനമോടിച്ചതിനോ അമിതവേഗതക്കോ അപകടകരമായി വാഹനമോടിക്കുന്നതിനോ മറ്റ് കുറ്റകൃത്യങ്ങൾക്കോ ശിക്ഷിക്കപ്പെട്ടവരായിരിക്കരുത് എന്നത് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തണം.

7. സ്കൂൾ വാഹനങ്ങളിൽ പരമാവധി 50 കിലോമീറ്ററിൽ വേഗത നിജപ്പെടുത്തിയിട്ടുള്ള സ്പീഡ് ഗവർണറുകൾ ഘടിപ്പിക്കേണ്ടതാണ്.

8. GPS. സംവിധാനം  സ്കൂൾ വാഹനങ്ങളിൽ ഘടിപ്പിക്കേണ്ടതും ആയത്  "Suraksha Mithra" സോഫ്റ്റ്‌വെയറുമായി  ടാഗ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
9. സ്കൂൾ തുറക്കുന്നതിനു മുൻപ് തന്നെ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ഫിറ്റ്നസ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

10. നേരത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വാഹനങ്ങൾ സ്കൂൾ തുറക്കുന്നതിനു മുൻപായി തന്നെ മറ്റ് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി  യാന്ത്രിക പരിശോധന (Refer Annexure 1)  സ്കൂൾ തലത്തിലും മോട്ടോർ വാഹന വകുപ്പ് നടത്തുന്ന EIB പരിശോധന ക്യാമ്പുകളിലും ഹാജരാക്കി പരിശോധന സ്റ്റിക്കർ പതിക്കേണ്ടതാണ് ( Aneexure 2)

11. വാതിലുകളുടെ എണ്ണത്തിന് തുല്യമായ ഡോർ അറ്റൻഡർമാർ (ആയമാർ ) എല്ലാ സ്കൂൾ ബസ്സിലും ഉണ്ടായിരിക്കണം.

12. സീറ്റിംഗ് കപ്പാസിറ്റി അനുസരിച്ച് മാത്രമേ വാഹനത്തിൽ കുട്ടികളെ  യാത്ര ചെയ്യാൻ അനുവദിക്കാവൂ . എന്നാൽ  12 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ ആണെങ്കിൽ ഒരു സീറ്റിൽ രണ്ടു പേർക്ക്  യാത്ര ചെയ്യാൻ അനുവദിക്കാവുന്നതാണ് (KMVR 221).
യാതൊരു കാരണവശാലും കുട്ടികളെ നിന്ന് യാത്ര ചെയ്യുവാൻ അനുവദിക്കരുത്.

13. ഓരോ ട്രിപ്പിലും യാത്ര ചെയ്യുന്ന കുട്ടികളുടെ പേര് , ക്ലാസ് , അഡ്രസ്സ് ബോർഡിംഗ് പോയിൻറ് , രക്ഷിതാവിന്റെ പേര് അഡ്രസ്, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തിയ ലിസ്റ്റ് ലാമിനേറ്റ് ചെയ്ത് വാഹനത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

14. വാഹനത്തിന്റെ പുറകിൽ വാഹനത്തിന്റെ സീറ്റിംഗ് കപ്പാസിറ്റി രേഖപ്പെടുത്തേണ്ടതാണ്.

15. ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിലും പ്രസ്തുത വിദ്യാലയത്തിലെത്തിച്ചേരുന്ന എല്ലാ കുട്ടികളുടെയും യാത്ര മാർഗ്ഗങ്ങൾ സംബധിച്ചുള്ള  കാര്യങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് മോട്ടോർ വാഹന വകുപ്പ് /പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ പരിശോധനാ സമയത്ത് ഹാജരാക്കുകയും വേണം.

16. ഡോറുകൾ ലോക്കുകളും ജനലുകൾക്ക് ഷട്ടറുകളും ഉണ്ടായിരിക്കേണ്ടതാണ്.

17. പ്രഥമശുശ്രൂഷക്ക് അത്യാവശ്യമായ എല്ലാ മരുന്നുകളും ഉൾക്കൊള്ളുന്ന  സുസജ്ജമായ ഫസ്റ്റ് എയ്ഡ് ബോക്സ് എല്ലാ സ്കൂൾ വാഹനത്തിലും സൂക്ഷിക്കേണ്ടതും ആയത് സ്കൂൾ അധികാരികൾ കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

18. സ്കൂൾ വാഹനങ്ങളിൽ കുട്ടികൾ കയറുന്നതും ഇറങ്ങുന്നതും കൃത്യമായി കാണുന്ന രീതിയിലുള്ള Convex cross view Mirror ഉം വാഹനത്തിനകത്ത് കുട്ടികളെ പൂർണമായി ശ്രദ്ധിക്കാൻ പറ്റുന്ന രീതിയിലുള്ള parabolic റിയർവ്യൂ മിററും ഉണ്ടായിരിക്കണം.

19. വാഹനത്തിനകത്ത്  Fire extinguisher  ഏവർക്കും കാണാവുന്ന രീതിയിലും അടിയന്തരഘട്ടങ്ങളിൽ എളുപ്പത്തിൽ എടുത്തു ഉപയോഗിക്കാവുന്ന രീതിയിലും ഘടിപ്പിച്ചിരിക്കുകയും ആയതിന്റെ പ്രവർത്തനക്ഷമത കാലാകാലങ്ങളിൽ സ്കൂൾ അധികാരികൾ പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെയ്യണം.

20. വാഹനത്തിൻറെ ജനലുകളിൽ താഴെ ഭാഗത്ത് നീളത്തിൽ കമ്പികൾ (Side barrier) ഘടിപ്പിച്ചിരിക്കണം.

21. കുട്ടികളുടെ ബാഗുകൾ കുട എന്നിവ സൂക്ഷിക്കുന്നതിനുള്ള റാക്കുകൾ വാഹനത്തിൽ ഉണ്ടായിരിക്കണം.

22. കൂളിംഗ് ഫിലിം / കർട്ടൻ എന്നിവയുടെ ഉപയോഗം സ്കൂൾ വാഹനങ്ങളിൽ കർശനമായി ഒഴിവാക്കേണ്ടതാണ്.

23. സേഫ്റ്റി ഗ്ലാസ് ഘടിപ്പിച്ചിട്ടുള്ള Emergency exit സംവിധാനം ഉണ്ടായിരിക്കേണ്ടതും "EMERGENCY EXIT" എന്ന് വെള്ള പ്രതലത്തിൽ ചുവന്ന അക്ഷരത്തിൽ രേഖപ്പെടുത്തിയിരിക്കുകയും ചെയ്യണം.

24.ഓരോ വാഹനത്തിലും ഒരു അധ്യാപകനെയോ/ അനദ്ധ്യാപകനെയൊ റൂട്ട് ഓഫീസർ ആയി നിയോഗിക്കേണ്ടതും അയാൾ വാഹനത്തിന്റെ സുരക്ഷിതത്വമായ യാത്രക്കാവശ്യമായ കാര്യങ്ങൾ സദാ നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ വാഹനത്തിലെ ജീവനക്കാർക്കും ആവശ്യമെങ്കിൽ മാനേജ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

25. സ്കൂളിൻറെ പേരും ഫോൺ നമ്പറും വാഹനത്തിൻറെ ഇരുവശങ്ങളിലും പ്രദർശിപ്പിക്കണം

26. വാഹനത്തിൻറെ പുറകിൽ ചൈൽഡ് ലൈൻ (1098) പോലീസ് (100) ആംബുലൻസ് (102) ഫയർഫോഴ്സ് (100), ബന്ധപ്പെട്ട മോട്ടോർവാഹനവകുപ്പ് ഓഫീസ്, സ്കൂൾ പ്രിൻസിപ്പാൾ എന്നിവരുടെ ഫോൺ നംപർ പ്രദർശിപ്പിക്കേണ്ടതാണ്.

27. വാഹനത്തിന്റെ ഇടത് ഭാഗത്ത് പൊലൂഷൻ, ഇൻഷുറൻസ് ,ഫിറ്റ്നസ് എന്നിവയുടെ കാലാവധി രേഖപ്പെടുത്തേണ്ടതാണ്.

28. സ്കൂൾ അധികാരികളോ പാരന്റ് /ടീച്ചേഴ്സ് പ്രതിനിധികളോ വാഹനത്തിലെ ജീവനക്കാരുടെ പെരുമാറ്റവും വാഹനത്തിൻറെ യാന്ത്രിക ക്ഷമതയും യാദൃശ്ചികമായി ഇടയ്ക്കിടെ പരിശോധിക്കേണ്ടതാണ്

29. കുട്ടികൾ സുരക്ഷിതമായി ഇറങ്ങുകയും കയറുകയും ചെയ്ത് എ ഡോർ അടച്ചു എന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ വാഹനം മുൻപോട്ടു എടുക്കാവൂ.

30. കുട്ടികളുടെ ഡ്രൈവിംഗ് സ്വഭാവ രീതികൾ രൂപീകരിക്കുന്നതിൽ സ്കൂൾ വാഹനത്തിലെ ഡ്രൈവർമാരുടെ പങ്കു വളരെ വലുതാണ് ആയതിനാൽ തന്നെ മാതൃകാപരമായി തന്നെ വാഹനങ്ങൾ ഓടിക്കുന്നു എന്ന് ഡ്രൈവർ ഉറപ്പുവരുത്തുകയും മാതൃക ആകേണ്ടതുമാണ് . വെറ്റിലമുറുക്ക് ലഹരിവസ്തുക്കൾ ചവയ്ക്കൽ മദ്യപാനം തുടങ്ങിയ ദുശീലങ്ങൾ ഉള്ളവരെ യാതൊരു കാരണവശാലും ഡ്യൂട്ടിക്കായി നിയോഗിക്കരുത്.

31. ചെറിയ കുട്ടികളെ കയറുന്നതിനും ഇറങ്ങുന്നതിനും ലഗേജ് എടുത്തു നൽകുന്നതിനും റോഡ് വാഹനത്തിന്റെ പുറകിൽ കൂടി മുറിച്ച് കടക്കുന്നതിനും ഡോർ അറ്റൻഡർ സഹായിക്കേണ്ടതാണ്.

32. വാഹനം പുറകോട്ട് എടുക്കുന്നത് ഡോർ അറ്റൻഡറുടെ നേരിട്ടുള്ള നിരീക്ഷണത്തിന്റെയും നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ആയിരിക്കണം.

33. ക്യാംപസുകളിലും, ചുറ്റും കുട്ടികൾ കൂടിനിൽക്കുന്ന സന്ദർഭങ്ങളിലും വാഹനം പുറകോട്ട് എടുക്കുന്നത് കർശനമായി തടയേണ്ടതും മറ്റു വാഹനങ്ങളുടെ ഇടയിലൂടെയും മുറിച്ചുകടന്നും വാഹനത്തിൽ കയറുന്നത് ഒഴിവാക്കി സുരക്ഷിതമായ രീതിയിൽ വാഹനത്തിൽ കയറുന്നതിനും ഇറങ്ങുന്നതിനും ഉള്ള സംവിധാനം ഒരുക്കാൻ സ്കൂൾ അതോറിറ്റി നടപടി കൈക്കൊള്ളേണ്ടതാണ് .



## ***Annexure 1***

## EIB Check list

Registration mark.............................. class..............................................

school.......................................................................................................................

**Check points**

1. അകത്തുനിന്നും പുറത്തു നിന്നും തുറക്കാൻ സാധിക്കുന്ന തരത്തിൽ 150X120 cm വലിപ്പത്തിലുള്ള EMERGENCY EXIT ഉണ്ടോ? :..................................
2. അതിൽ വെള്ള പ്രതലത്തിൽ ചുമന്ന അക്ഷരത്തിൽ EMERGENCY EXIT എന്ന് പ്രദർശിപ്പിച്ചിട്ടുണ്ടോ :..................................
3. 70 X 55 വലിപ്പത്തിൽ side window ഉണ്ടോ :...............................
4. ഇരുവശങ്ങളിലും റിയർ വ്യൂ മിറർ ശരിയായ രീതിയിൽ ഘടിപ്പിച്ചിട്ടുണ്ടോ :...............................
5. Speed Limiting Device ഘടിപ്പിച്ചിട്ടുണ്ടോ :...............................
6. അത് 50 kmph വേഗതയിൽ cut ആകുന്നുണ്ടോ :...............................
7. വാഹനത്തിന്റെ ബാറ്ററി പ്രവർത്തനയോഗ്യമാണോ :...............................
8. ഫ്യൂസ് ശരിയായ വിധം പ്രവർത്തിക്കുന്നതാണോ :...............................
9. കുട്ടികളെ കയറ്റാനും ഇറക്കാനും Road Cross ചെയ്യിക്കാനുമായി Attendant ഉണ്ടോ :...............................
10. പരിധിയിൽ കൂടുതൽ കുട്ടികളെ കയറ്റുന്നുണ്ടോ :...............................
11. Door Shutter ഉണ്ടോ :...............................
12. Door ന്റെ രണ്ട് വശത്തും Hand Rail ഉണ്ടോ :...............................
13. ബാഗ് സൂക്ഷിക്കാനുള്ള സൗകര്യം ഉണ്ടോ :...............................
14. Air Horn, multitoned horn മുതലായ നിരോധിച്ച ഹോൺ ഘടിപ്പിച്ചിട്ടുണ്ടോ :...............................
15. വാഹനത്തിന് 15 വർഷത്തിൽ കൂടുതൽ പഴക്കം ഉണ്ടോ :...............................
16. ടയർ മെച്ചപ്പെട്ടതും ആവശ്യത്തിന് tread ഉള്ളതും ആണോ :...............................
17. Head light, indicator light, brake light, wiper എന്നിവ ശരിയായി പ്രവർത്തിക്കുന്നുണ്ടോ :...............................
18. Service brake ഉം Parking brake ഉം ശരിയായി പ്രവർത്തിക്കുന്നുണ്ടോ :...............................
19. വാഹനത്തിന്റെ നിറം ഗോൾഡൻ യെല്ലോയും ബ്രൗൺ ബോർഡെറും ആണോ :...............................
20. ഉടമയുടെ പേരും വിലാസവും , എൻജിൻ നമ്പർ, ചേസിസ് നമ്പർ, പെർമിറ്റ്, നികുതി, ഇൻഷുറൻസ് കമ്പനി എന്നിവ വാഹനത്തിന്റെ ഇടതുവശം മുൻപിൽ രേഖപ്പെടുത്തിയിട്ടുണ്ടോ :...............................
21. Hand Rail ഘടിപ്പിച്ചിട്ടുണ്ടോ :...............................
22. വാഹനത്തിന്റെ എല്ലാ വശങ്ങളിലും സ്കൂളിന്റെ പേര് രേഖപ്പെടുത്തിയിട്ടുണ്ടോ :...............................
23. മുൻപിലും പുറകിലും Educational Institution Bus എന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ :...............................

24. മുൻപിൽ വെള്ള, സൈഡിൽ മഞ്ഞ, പുറകിൽ ചുമപ്പ് എന്നിങ്ങനെ Retro graphic Sticker പതിച്ചിട്ടുണ്ടോ :..............................

25. സീറ്റും അതിന്റെ കുഷനും മികച്ചതാണോ : ..............................

26. സീറ്റിന് 265 mm വീതിയും 350 mm വീതിയും ഉണ്ടോ :..............................

27. സീറ്റിൽ കൈപിടി ഘടിപ്പിച്ചിട്ടുണ്ടോ : ..............................

28. വാഹനത്തിന്റെ പ്ലാറ്റ്ഫോം മികച്ചതാണോ :..............................

29. വാഹനത്തിൽ cooling film പതിച്ചിട്ടില്ല എന്ന് ഉറപ്പാണോ : ..............................

30. First aid box ൽ മരുന്നുകൾ ഉണ്ടോ : ..............................

31. നിഷ്കർഷിച്ചിട്ടുള്ള Fire extinguisher ഉണ്ടോ : ..............................

32. വാഹനത്തിന്റെ പെർമിറ്റ് , ഫിറ്റ്നസ്സ്, ടാക്സ് , ഇൻഷുറൻസ്, പൊല്യൂഷൻ രേഖകൾ സാധുതയുള്ളതാണോ :..............................

33. ഡ്രൈവർക്ക് 10 വർഷം Driving experience ഉം അതിൽ 5 കൊല്ലം Heavy Duty വാഹനം ഓടിച്ചതിൽ experience ഉം ഉണ്ടോ :..............................

34. ഡ്രൈവറെ ഏതെങ്കിലും കുറ്റകൃത്യത്തിന് ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ :..............................

35. Motor Vehicles Department ന്റെ EIB Driver's Training ൽ പങ്കെടുത്തിട്ടുണ്ടോ :..............................

Remarks:

**Checking officer**

**Annexure 2**

# EIB
# CHECKING
# 2022-2023

DATE : ................

SIGNATURE ............

## ANNEXURE -3

## EIB INSPECTION PREFORMA

# MOTOR VEHICLES DEPARTMENT

### Inspection Check List for Educational Institution Bus (EIB's)

| VEHICLE RECORDS | | | |
|---|---|---|---|
| Registration Number : | ............................................ | Name of the Institution : | ............................................ |
| Make /Model : | ............................................ | Place : | ............................................ |
| Year of Registration : | ............................................ | Phone no : | ............................................ |
| Odometer Reading : | ............................................ | Driver name : | ............................................ |
| Registering Authority : | ............................................ | Contact no : | ............................................ |
| | | Licence No : | ............................................ |
| | | Year of experience : | ............................................ |

**Parameters** | **Sl No**

### 1 — EXTERNAL BODY FRONT



| Sl No | Item | Yes | No |
|---|---|---|---|
| 1 | "ON SCHOOL DUTY" board : | ☐ | ☐ |
| 2 | Outside Rear View Mirror ( LHS &RHS) : | ☐ | ☐ |
| 3 | White Reflective tape : | ☐ | ☐ |
| 4 | Registration Number : | ☐ | ☐ |
| | **Conditions of ;** | **Good** | **Bad** |
| 5 | Wind screen : | ☐ | ☐ |
| 6 | Front Facia : | ☐ | ☐ |
| 7 | Front Axle : | ☐ | ☐ |
| 8 | **Steering Linkages** (Strng G/B,Stg arms, Tie rod end,Drag Link etc) : | ☐ | ☐ |
| 9 | **Front Suspension** (Leaf spring/Spring clamps/Eye bolts/U -bolt etc) : | ☐ | ☐ |
| 10 | **Braking System** (Brake chambers, Hoses,pipes etc) : | ☐ | ☐ |
| 11 | If any Under body **Fluid Leakages** : | ☐ | ☐ |
| | : | ☐ | ☐ |
| 12 | **Lamps** | **Yes** | **No** |
| | a, Head lamps High/low Beams : | ☐ | ☐ |
| | b, Park lamps : | ☐ | ☐ |
| | c, Direction Indicators : | ☐ | ☐ |
| | d, Hazard Warning : | ☐ | ☐ |
| 13 | Wiper : | ☐ | ☐ |
| 14 | Horn : | ☐ | ☐ |

### EXTERNAL BODY /LHS



| Sl No | Item | | |
|---|---|---|---|
| 16 | **LH under body area** | | |
| | a, Propeller shaft/ UJ Cross/Safety Guards : | ☐ | ☐ |
| | b, Under body Mountings : | ☐ | ☐ |
| | c, Chassis Long Member (Rust/Broken/loose or missing parts etc) : | ☐ | ☐ |
| | d, Battery : | ☐ | ☐ |
| | e, Suspension (Leaf spring/Shock Absorber/Spring clamps/Eye bolts/U -bolt/Air bags etc) : | ☐ | ☐ |
| | f, Braking System (Brake chambers, Hoses,pipes etc) : | ☐ | ☐ |
| | g, Exhaust System (Leakags /cracks or if : | ☐ | ☐ |
| 17 | RR LH Tyre (Non Skid Depth shall not be less than1.6mm & properly inflated/free from cut or cracks /Wheel Nuts are properly tightened) : | ☐ | ☐ |
| 18 | RR Passenger Door Hinges & safety Locks : | ☐ | ☐ |
| 19 | Foot board : | ☐ | ☐ |
| 20 | Door Hand rails on both sides : | ☐ | ☐ |
| 21 | RR Wheel arch : | ☐ | ☐ |
| 22 | Mud flap : | ☐ | ☐ |
| 23 | Tool box /Luggage Box Door hinges & locks : | ☐ | ☐ |
| 24 | Wheel Chokes (2Nos) : | ☐ | ☐ |
| | | **Yes** | **No** |
| 25 | Registration Number RR LH : | ☐ | ☐ |

### 2 — EXTERNAL BODY /LHS



| Sl No | Item | Yes | No |
|---|---|---|---|
| 1 | Painted with Golden Yellow colour with Brown borders(150 MM wide below the window level) : | ☐ | ☐ |
| | | ☐ | ☐ |
| 2 | Institution Name with address & Contact number : | ☐ | ☐ |
| 3 | Yellow Coloured Reflective tape : | ☐ | ☐ |
| | **Conditions of ;** | **Good** | **Bad** |
| 6 | Front LH Tyre (Non Skid Depth shall not be less than1.6mm & properly inflated /Wheel Nuts are properly tightened) : | ☐ | ☐ |
| 7 | FR Wheel arch : | ☐ | ☐ |
| 8 | Stop Sign on Door : | ☐ | ☐ |
| 9 | Front Passenger Door ,Hinges & safety Locks : | ☐ | ☐ |
| 10 | Foot board : | ☐ | ☐ |
| 11 | Door Hand rails on both sides : | ☐ | ☐ |
| 12 | Windows (70CM X 120CM) : | ☐ | ☐ |
| 13 | Body Panels : | ☐ | ☐ |
| 14 | Window Shutters & safety locks : | ☐ | ☐ |
| 15 | Side window Safety Guard rails : | ☐ | ☐ |

### 3 — REAR



| Sl No | Item | Yes | No |
|---|---|---|---|
| 1 | Painted with Golden Yellow colour with Brown borders : | ☐ | ☐ |
| 2 | **"ON SCHOOL DUTY"** board : | ☐ | ☐ |
| 3 | **Emergency Phone Numbers (Police,Child line,Fire, Ambulance,Disaster management)** : | ☐ | ☐ |
| 4 | Institution Name with address : | ☐ | ☐ |
| 5 | **Red Reflective tape** : | ☐ | ☐ |
| 6 | Registration Number : | ☐ | ☐ |
| 7 | **Emergency Exit** Size: Heavy : W 150 cm x H 120 cm; Others : W 120 cm X H 100 cm : | ☐ | ☐ |
| 8 | Displayed Emergency Exit in Red colour in White Back ground on both out side & inside : | ☐ | ☐ |
| 9 | **Lamps** | **Yes** | **No** |
| | a, Park lamps : | ☐ | ☐ |
| | b, Stop lamps : | ☐ | ☐ |
| | c, Direction Indicators : | ☐ | ☐ |
| | d, Hazard Warning : | ☐ | ☐ |
| | e, Registration Lamps : | ☐ | ☐ |

# MOTOR VEHICLES DEPARTMENT

## Inspection Check List for Educational Institution Bus (EIB's)

| Parameters | Sl No | Conditions of ; | | Good | Bad |
|---|---|---|---|---|---|
| 4 | 10 | Rear safety Glass | : | ☐ | ☐ |
| | 11 | body Panel | : | ☐ | ☐ |
| | 12 | Operation Emergency exit | : | ☐ | ☐ |
| | 13 | Rear Axle | : | ☐ | ☐ |
| | 14 | Suspension System ((Leaf spring/Spring clamps/Eye bolts/U -bolt etc) | : | ☐ | ☐ |
| | 15 | **Braking System** (Brake chambers, Hoses,pipes etc) | : | ☐ | ☐ |
| | 16 | If any Under body **Fluid Leakages** | | ☐ | ☐ |
| | 17 | **Lamps** | | **Yes** | **No** |
| | | Head lamps High/low Beams | : | ☐ | ☐ |
| | | Park lamps | : | ☐ | ☐ |
| | | Direction Indicators | : | ☐ | ☐ |
| | | Hazard Warning | : | ☐ | ☐ |
| | 18 | Spare Wheel | : | ☐ | ☐ |
| | 19 | Stop Board | : | ☐ | ☐ |



**REAR**

| | | | | Yes | No |
|---|---|---|---|---|---|
| 5 | 1 | Registration Number RR LH | : | ☐ | ☐ |
| | 2 | Institution Name with address & Contact number | | ☐ | ☐ |
| | 3 | Yellow Coloured Reflective tape | | ☐ | ☐ |
| | | **Conditions of ;** | | **Good** | **Bad** |
| | 4 | Windows (70CM X 120CM) | : | ☐ | ☐ |
| | 5 | Body Panels | : | ☐ | ☐ |
| | 6 | Window Shutters & safety locks | : | ☐ | ☐ |
| | 7 | Side window Safety Guard rails | : | ☐ | ☐ |
| | 8 | Fuel Lid | : | ☐ | ☐ |
| | 9 | Rear RH Tyre (Non Skid Depth shall not be less than1.6mm & properly inflated /Wheel Nuts are properly tightened) | : | ☐ | ☐ |
| | 10 | RR Wheel arch | : | ☐ | ☐ |
| | 11 | Mud flap | : | ☐ | ☐ |
| | | **RH under body area** | | | |
| | 12 | Suspension (Leaf spring/Shock Absorber/Spring clamps/Eye bolts/U - bolt/Air bags etc) | : | ☐ | ☐ |
| | 13 | Braking System (Brake chambers,Hoses, pipes etc) | : | ☐ | ☐ |
| | 14 | Exhaust System (Leakags /cracks or if any) | | ☐ | ☐ |
| | 15 | Propeller shaft/ UJ Cross/Safety Guards | : | ☐ | ☐ |
| | 16 | Under body Mountings | : | ☐ | ☐ |
| | 17 | Chassis Long Member (Rust/Broken/loose or missing parts etc) | : | ☐ | ☐ |
| | 18 | Fuel Tank | : | ☐ | ☐ |
| | 19 | FR Wheel arch | : | ☐ | ☐ |
| | 20 | Front RH Tyre (Non Skid Depth shall not be less than1.6mm & properly inflated /Wheel Nuts are properly tightened) | : | ☐ | ☐ |
| | 21 | Driver Door ,Hinges & safety Locks | : | ☐ | ☐ |



**EXTERNAL BODY /RHS**

| | | | | Yes | No |
|---|---|---|---|---|---|
| 6 | 1 | First Aid Box with unexpired medicine | : | ☐ | ☐ |
| | 2 | Fire Extinguisher | | ☐ | ☐ |
| | 3 | Reflective Warning Triangle | | ☐ | ☐ |
| | | **Conditions of ;** | | **Good** | **Bad** |
| | 4 | Interior Roof lamps | : | ☐ | ☐ |
| | 5 | Seats with Hand rail & cushions Seat size: 265mm x 350mm | : | ☐ | ☐ |
| | 6 | Space for school bags | : | ☐ | ☐ |
| | 7 | Window Glass /shutters | : | ☐ | ☐ |
| | 8 | Operation of Emergency Exit | : | ☐ | ☐ |
| | 9 | Plat Form | : | ☐ | ☐ |



**INSIDE INSPECTION**

| | | Operation / functioning of | | Good | Bad |
|---|---|---|---|---|---|
| 7 | 1 | control switches | : | ☐ | ☐ |
| | 2 | Service Brake system | : | ☐ | ☐ |
| | 3 | Parking brake system | : | ☐ | ☐ |
| | 4 | Steering system | : | ☐ | ☐ |
| | 5 | Gauges & signals in Instrument cluster (Air/Temp/fuel/Rpm/etc) | : | ☐ | ☐ |
| | 6 | **Convex crossview mirror** (which driver can see exit & entrance) | : | ☐ | ☐ |
| | 7 | **Large Parabolic Rear View Mirror** to have a clear view of inside of the vehicle | : | ☐ | ☐ |
| | | Fitment / functioning of | | **Yes** | **No** |
| | 8 | Speed Governor (Limited @ 50kmph) | : | ☐ | ☐ |
| | 9 | VLTS / GPS to be tagged | : | ☐ | ☐ |



**DRIVER CABIN**

| | | | | Yes | No |
|---|---|---|---|---|---|
| DOCUMENTS | a | Registration Certificate (RC) | : | ☐ | ☐ |
| | b | Tax Token Licence | : | ☐ | ☐ |
| | c | Insurance Certificate | : | ☐ | ☐ |
| | d | Certificate of Fitness | : | ☐ | ☐ |
| | e | Permit | : | ☐ | ☐ |
| | f | Pollution Under Control Certificate | : | ☐ | ☐ |
| | g | Motor Driving Licence | : | ☐ | ☐ |

| | | | | Yes | No |
|---|---|---|---|---|---|
| STAFF | a | 10 Yrs Experience | : | ☐ | ☐ |
| | b | 5Yrs HPV | : | ☐ | ☐ |
| | c | Whether convicted for any offences | : | ☐ | ☐ |
| | d | Attended Training By MVD | : | ☐ | ☐ |
| | e | Attendant for each door | : | ☐ | ☐ |

**Remarks:**